കോൺഗ്രസ്- ബി.ജെ.പി. അന്തർധാര സജീവം: സി.പി.ഐ.

ആലപ്പുഴ: സംസ്ഥാനത്ത് കോൺഗ്രസ്- ബി.ജെ.പി. അന്തർധാര സജീവമാണെന്ന് സി.പി.ഐ ദേശീയ കൗൺസിൽ അംഗം ടി.ജെ. ആഞ്ചലോസ്. എൽ.ഡി.എഫ്. ആലപ്പുഴ മണ്ഡലം തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അടുത്തിടെ നടന്ന രാജ്യസഭാ സീറ്റുകളിലേക്കുള്ള തെരഞ്ഞെടുപ്പിൽ ബി.ജെ.പി. വിജയത്തിന് ഇടനിലക്കാരായി നിന്നത് കോൺഗ്രസ് ദേശീയ നേതാക്കൾ തന്നെയാണ്. അവർ തന്നെയാണ് കേരളത്തിൽ ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതെന്നും അദ്ദേഹം ചൂണ്ടികാണിച്ചു.

കോർപറേറ്റുകൾക്ക് കടൽ മണൽ ഖനനത്തിനുള്ള അനുവാദവും മത്സ്യബന്ധനത്തിന് വൻകിട കപ്പലുകൾ ക്കുള്ള ലൈസൻസും നൽകി കേന്ദ്രസർക്കാർ ദ്രോഹിച്ചപ്പോൾ സംസ്ഥാന സർക്കാർ രാജ്യത്തിന് മാതൃകയായ ക്ഷേമ പ്രവർത്തനങ്ങളാണ് മത്സ്യമേഖലയിൽ നടപ്പിലാക്കിയതെന്ന് അദ്ദേഹം പറഞ്ഞു.

തെരഞ്ഞെടുപ്പ് കമ്മിറ്റി പ്രസിഡന്റ് ജി. കൃഷ്ണ പ്രസാദ് അധ്യക്ഷനായിരുന്നു. സ്ഥാനാർഥി പി.പി. ചിത്തരഞ്ജൻ, സി.ബി. ചന്ദ്രബാബു, ദീപ്തി അജയകുമാർ, കെ.ആർ. ഭഗീരഥൻ, ആർ.സുരേഷ് എന്നിവർ പ്രസംഗിച്ചു.

ജി.സുധാകരന്റെ ആദ്യ പോസ്റ്ററുകൾ പുറത്തുവന്നു, ചിഹ്നമില്ലാതെ...

● അമ്പലപ്പുഴയിൽ പതിച്ച ജി. സുധാകരന്റെ പോസ്റ്ററുകൾ.

അമ്പലപ്പുഴ: അമ്പലപ്പുഴയിലെ യു.ഡി.എഫ്. പിന്തുണയുള്ള ജനകീയ സ്വതന്ത്ര സ്ഥാനാർഥി ജി.സുധാകരന്റെ തെരഞ്ഞെടുപ്പ് പോസ്റ്ററുകൾ പുറത്തുവന്നു.

ചിഹന്ഹ് നമില്ലാത്ത പോസ്റ്ററുകളാണ് ഇപ്പോൾ പതിച്ചിരിക്കുന്നത്. നഷ്ടപ്പെട്ട അഞ്ച് വർഷങ്ങളുടെ വികസന നഷ്ടം നികത്താൻ എന്ന തലക്കെട്ടോടെയാണ് പോസ്റ്ററുകളിറങ്ങിയിരിക്കുന്നത്. യു.ഡി.എഫ് പിന്തുണയോയൊണ് തെരഞ്ഞെടുപ്പിൽ സുധാകരൻ മത്സരിക്കുന്നത്. തെരഞ്ഞെടുപ്പ് മത്സര രംഗത്ത് പതിറ്റാണ്ടുകളുടെ പാരമ്പര്യമുള്ള സുധാകരൻ മുൻ തെരഞ്ഞെടുപ്പുകളിലെല്ലാം അരിവാൾ ചുറ്റിക നക്ഷത്രം അടയാളത്തിലായിരുന്നു ജനവിധി തേടിയിരുന്നത്. എന്നാൽ ഇതാദ്യമായാണ് ചിഹന്ഹം ഏതെന്ന് അറിയാതെ ആദ്യ പോസ്റ്ററുകൾ വരുന്നത്. സ്വതന്ത്ര സ്ഥാനാർഥിയായതിനാൽ സുധാകരനുള്ള ചിഹന്ഹം പിന്നീടായിരിക്കും തെരഞ്ഞെടുപ്പ് കമ്മിഷൻ അനുവദിക്കുക.

നാമനിർദേശ പത്രിക പിൻവലിക്കുന്ന സമയം കൂടി കഴിഞ്ഞായിരിക്കും സ്വതന്ത്ര സ്ഥാനാർഥികൾക്ക് ചിഹ്നം ലഭിക്കുക.

ചിഹ്നം കൂടി ഉൾപ്പെടുത്തി പിന്നീട് പോസ്റ്ററുകൾ എത്തുമെന്ന് യു.ഡി.എഫ്. നേതാക്കൾ അറിയിച്ചു. ഇന്ന് ജി. സുധാകരന്റെ തെരഞ്ഞെടുപ്പ് കൺവൻഷൻ പുന്നപ്ര ശ്രീദേവി ഓഡിറ്റോറിയത്തിൽ നടക്കും.

ലയന വാദം തെറ്റെന്ന് ജനാധിപത്യ കേരളാ കോൺഗ്രസ് നേതൃത്വം

കുട്ടനാട് : ജനാധിപത്യ കേരളാ കോൺഗ്രസ് കുട്ടനാട് നിയോജക മണ്ഡലം പ്രവർത്തകർ ഒറ്റക്കെട്ടായി പാർട്ടി ചെയർമാൻ ഡോ. കെ.സി.ജോസഫിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഇടതുമുന്നണി സ്ഥാനാർഥിയുടെ വിജയത്തിനായി പ്രവർത്തനം നടത്തുകയാണെന്നും മറിച്ചുള്ള പ്രചരണം വാസ്തവവിരുദ്ധമാണെന്നും നേതൃത്വം. ജനാധിപത്യ കേരള കോണ്ഗ്രസ് പ്രവർത്തകർ ജോസഫ് വിഭാഗത്തിൽ ലയിച്ചുവെന്ന് ചിലർ പ്രചരിപ്പിക്കുന്നത് തികച്ചും തെറ്റാണെന്നും അവർ പറഞ്ഞു. കുട്ടനാട്ടിൽ അഞ്ച് പഞ്ചായത്തുകളിൽ മെമ്പർമാരുള്ള പാർട്ടിയിലെ രാമങ്കരിയിലുള്ള നാലുപേർ പാർട്ടി വിട്ടത്ഒരു തരത്തിലും ബാധിക്കില്ലെന്ന് ജില്ലാ സെക്രട്ടറി സാജൻ സെബാസ്റ്റ്യൻ അറിയിച്ചു.

ഇത്തരത്തിൽ കൂറുമാറ്റം നടത്തിയവരോട് കുട്ടനാട്ടിലെ ജനങ്ങൾക്ക് പുഛമാണെന്നും 28 ന് വൈകിട്ട് നാലിന് പാർട്ടിയുടെ നിയോജക മണ്ഡലം കൺവൻഷൻ മങ്കൊമ്പിൽ ഡോ.കെ.സി.ജോസഫ് ഉദ്ഘാടനം ചെയ്യുമെന്നും അദ്ദേഹം അറിയിച്ചു.

● എ.ഐ.സി.സി. നിരീക്ഷകനും രാജസ്ഥാനിലെ ജയ്പൂർ എം.എൽ.എയുമായ റഫീഖ് ഖാൻ അമ്പലപ്പുഴയിലെ സ്വതന്ത്ര സ്ഥാനാർഥി ജി. സുധാകരനെ വീട്ടിലെത്തി സന്ദർശിക്കുന്നു. ചീഫ് ഇലക്ഷൻ ഏജന്റ് അഡ്വ. ആർ. സനൽകുമാർ സമീപം.

വോട്ടടുപ്പിന് ഇനി 16 നാളുകൾ; അങ്കംമുറുക്കി മുന്നണികൾ

ആലപ്പുഴ: നിയമസഭാ തെരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രികകൾ സമർപ്പിക്കാനുള്ള സമയപരിധി കഴിഞ്ഞതോടെ മുന്നണികൾ പ്രചാരണം കൂടുതൽ ഊർജിതമാക്കി. വോട്ടടുപ്പിന് 16 നാളുകൾ മാത്രം ശേഷിക്കെ തെരഞ്ഞെടുപ്പ് കമ്മിഷനും ഒരുക്കങ്ങൾ വേഗത്തിലാക്കി.

പ്രിസൈഡിങ് ഓഫീസർമാർക്കും ഫസ്റ്റ് പോളിങ് ഓഫീസർമാർക്കുമുള്ള ആദ്യഘട്ട പരിശീലനം ഇന്ന് ആരംഭിക്കും. ഈ പരിശീലന കേന്ദ്രങ്ങളിൽ ഇ.വി.എം.മെഷീനുമായി ബന്ധപ്പെട്ട് ആവശ്യത്തിന് മോക് ഡ്രിൽ സൗകര്യം ഒരുക്കിയിട്ടുണ്ടെന്ന് ജില്ലാ കലക്ടർ അറിയിച്ചു. പ്രിസൈഡിങ് ഓഫീസർമാർക്കും ഫസ്റ്റ് പോളിങ് ഓഫീസർമാർക്കും കുറഞ്ഞത് 100 വോട്ടുകൾ രേഖപ്പെടുത്തുന്നതിനും വി.വി.പാറ്റ് ഡിസ്പ്ലേ ജാലകത്തിലൂടെ വി.വി. പാറ്റ് സ്ലിപ്പുകൾ പ്രദർശിപ്പിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ അവസരം നൽകും. പരിശീലന ത്തിനുള്ള മെഷീനുകൾ അതത് പരിശീലന കേന്ദ്രങ്ങളിൽ ഉണ്ടാകും. ഡമ്മി ബാലറ്റുകളായിരിക്കും മോക് ഡ്രില്ലിന് ഉപയോഗിക്കുകയെന്ന് ജില്ലാ കലക്ടർ അറിയിച്ചു. ബാലറ്റ് യൂണിറ്റ്, കൺട്രോൾ യൂണിറ്റ്, വി.വി. പാറ്റ് എന്നിവയുടെ കണക്ഷൻ, കൺ ട്രോൾ യൂണിറ്റിലെ ആകെ വോട്ടുകളുടെ പരിശോധന, മോക്ക് പോളിങ് സമയത്ത് സൂക്ഷിക്കേണ്ട മാനുവൽ റെക്കോർഡുമായി താരതമ്യം ചെയ്യുക, കൺട്രോൾ യൂണിറ്റിൽ നിന്ന് മോക്ക് വോട്ട് ക്ലിയർ ചെയ്യൽ എന്നിവയാണ് പരിശീലനത്തിൽ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. അരൂർ മണ്ഡലത്തിന്റെ പരിശീലനം പള്ളിപ്പുറം എൻ.എസ്.എസ് കോളജിലും. ചേർത്തല മണ്ഡലത്തിലെ പരിശീലനം സെന്റ് മൈക്കിൾസ് കോളജിലും. ആലപ്പുഴ മണ്ഡലത്തിന്റെ പരിശീലനം എസ്.ഡി കോളജ് കൊമേഴ്സ് ബ്ലോക്കിലും. അമ്പലപ്പുഴ മണ്ഡലത്തിന്റെ പരിശീലനം എസ്.ഡി കോളജ് ഹിന്ദി, ഹിസ്റ്ററി ബ്ലോക്കിലും. കുട്ടനാട് മണ്ഡലത്തിന്റെ പരിശീലനം ചമ്പക്കുളം സെൻമേരിസ് ഹയർ സെക്കൻഡറി സ്കൂളിലും. ഹരിപ്പാട് മണ്ഡലത്തിന്റെ പരിശീലനം ബഥാനി സെൻട്രൽ സ്കൂൾ വെസ്റ്റ് വിങ്ങിലും. കായംകുളം മണ്ഡലത്തിന്റെ പരിശീലനം ബഥാനി സെൻട്രൽ സ്കൂൾ ഈസ്റ്റ് വിങ്ങിലും. മാവേലിക്കര മണ്ഡലത്തിന്റെ പരിശീലനം മാവേലിക്കര ബിഷപ്പ് മോർ കോളേജിലും. ചെങ്ങന്നൂർ മണ്ഡലത്തിന്റെ പരിശീലനം ക്രിസ്ത്യൻ കോളജ് ചെങ്ങന്നൂരിലും. നടക്കും. ഉദ്യോഗസ്ഥർക്ക് അവർക്ക് ലഭിക്കുന്ന ഡ്യൂട്ടി ഓർഡറിന് ഒപ്പം തന്നെ പരിശീലന വിവരവും. ലഭ്യമാക്കിയിട്ടുണ്ട്.

ചേർത്തലയിൽ തെരഞ്ഞെടുപ്പ് പോരാട്ടത്തിന് വീര്യമേറി

ചേർത്തല: എൻ.ഡി.എ സ്ഥാനാർഥിയും പത്രിക സമർപ്പിച്ചതോടെ ചേർത്തല മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പോരാട്ടത്തിന് വീര്യമേറി. എൻ.ഡി.എ സ്ഥാനാർഥിയായി മൽസരിക്കുന്ന ബി.ഡി.ജെ.എസിലെ ടി.പി. അനന്തരാജ് ഇന്നലെ രാവിലെ ചേർത്തല താലൂക്ക് ഓഫീസിൽ ഉപ വരണാധികാരി ആർ. മനോജ് കുമാറിന് മുൻപാകെയാണ് പത്രിക സമർപ്പിച്ചത്.

എൻ.ഡി.എ നേതാക്കൾക്കൊപ്പം പ്രകടനമായെത്തിയാണ് പത്രിക സമർപ്പിച്ചത്. നേതാക്കളായ എസ്. പത്മകുമാർ, വെള്ളിയാകുളം പരമേശ്വരൻ, വിമൽ രവീന്ദ്രൻ, ടി. അനിയപ്പൻ, വിനോദ് കോയിക്കൽ തുടങ്ങിയവർ ഒപ്പമുണ്ടാ യിരുന്നു. തുടർന്ന് മുഹമ്മ പഞ്ചായത്തി ന്റെ വിവിധ ഭാഗങ്ങളിൽ റോഡ് ഷോ നടത്തി. സ്വീകരണങ്ങൾക്ക് മുൻപ് പരമാവധി വോട്ടർമാരെ നേരിൽ കാണാനുള്ള ശ്രമത്തിലാണ് സ്ഥാനാർഥികൾ. യു.ഡി.എഫ്. സ്ഥാനാർഥി കെ.ആർ. രാജേന്ദ്രപ്രസാദ് കഞ്ഞിക്കുഴി പഞ്ചായത്തിലെ വിവിധയിടങ്ങളും മായിത്ത റയിലെ കയർ ഫാക്ടറികളും കേന്ദ്രീകരിച്ചാണ് പ്രചാരണം നടത്തിയത്. എൽ.ഡി.എഫ് സ്ഥാനാർഥി പി. പ്രസാദ് കഞ്ഞിക്കുഴി, കണ്ണർകാട്, പുത്തനമ്പലം പ്രദേശങ്ങളിലും കയർ ഫാക്ടറികളിൽ കേന്ദ്രീകരിച്ചായിരുന്നു വോട്ടുതേടിയത്. വിവിധ കുടുംബ യോഗങ്ങളിലും പങ്കെടുത്തു.

പിന്മാറുന്ന പ്രശ്നമില്ലെന്ന് കുട്ടനാട്ടിലെ യു.ഡി.എഫ്. വിമത സ്ഥാനാർഥി സജി ജോസഫ്

ആലപ്പുഴ: മത്സര രംഗത്തുനിന്ന് പിന്മാറുന്ന പ്രശ്നമില്ലെന്ന് കുട്ടനാട്ടിലെ യു.ഡി.എഫ് വിമത സ്ഥാനാർഥി സജി ജോസഫ്. കുട്ടനാട്ടുകാരുടെ ആത്മാഭിമാനത്തിന് വിലയിടാ ൻ ആരെയും അനുവദിക്കില്ലെന്ന് സാമൂഹിക മാധ്യമങ്ങളിലൂടെ അറിയിച്ച ശേഷമാണ് സജി തന്റെ നിലപാട് ആവർത്തിച്ചത്. താൻ പത്രിക പിൻവലിക്കാൻ പോകുന്നു വെന്നും ഏതോ ഡീൽ ഉറപ്പിച്ചുവെന്നും ഒരു ചാനലിൽ ഉൾപ്പടെ വാർത്ത വന്നിരുന്നു. അതുപോലെ സോഷ്യൽ മീഡിയയിലും വ്യാജവാർത്തകൾ പ്രചരിച്ചിരുന്നു. കോൺഗ്രസിന്റെ ഒരു നേതാവും ഇതുവരെ തന്നെ വിളിച്ച് മത്സരത്തിൽ നിന്ന് പിന്മാറിയാൽ കോടികൾ തരാം എന്ന് വാഗ്ദാനം ചെയ്തിട്ടില്ല. പിന്മാറണം എന്നാവശ്യപ്പെട്ട് വിളിക്കുന്നവരോട് എല്ലാം കുട്ടനാടിന്റെ ആത്മാഭിമാനം സംരക്ഷിക്കാനുള്ള ഈ പോരാട്ടത്തിൽ നിന്ന് പിന്നോട്ടില്ല എന്ന് അസന്നിഗ്ദമായി അറിയിച്ചിട്ടുണ്ട്. ഒരടിയും പിന്നോട്ടില്ല. മോഹനവാഗ്ദാനങ്ങളുമായി ആരും ബന്ധപ്പെടേണ്ട എന്നും അറിയിക്കുന്നതായി സജി പറയുന്നു.ഇത് കുട്ടനാടിന് വേണ്ടിയുള്ള, ഈ നാടിന്റെ നിലനിൽപിനും ആത്മാഭിമാനം സംരക്ഷിക്കാനും ഉള്ള പോരാട്ടമാണെന്നും സജി ജോസഫ് വ്യക്തമാക്കി.

● **ഉണ്ടോ..ഇലക്ഷൻ ബമ്പർ....** കുട്ടനാട് മണ്ഡലം എൽ.ഡി.എഫ് സ്ഥാനാർഥി തോമസ് കെ.തോമസ് തെരഞ്ഞെടുപ്പ് പര്യടനത്തിനിടെ തകഴിയിലെ വനിതാ ലോട്ടറി വിൽപ്പനക്കാരിയിൽനിന്ന് ഭാഗ്യക്കുറി വാങ്ങുന്നു.

എൽ.ഡി.എഫ്. ചരിത്രവിജയം നേടും: മന്ത്രി പി. പ്രസാദ്

പൂച്ചാക്കൽ: കേരളത്തിൽ ഇടതുമുന്നണി ചരിത്രവിജയം കൈവരിക്കാൻ പോകുക യാണെന്ന് മന്ത്രിയും ചേർത്തലയിൽ സ്ഥാനാർഥിയുമായ പി. പ്രസാദ്. അരൂർ നിയോജക മണ്ഡലത്തിലെ എൽ.ഡി.എഫ്. സ്ഥാനാർഥി ദലീമയുടെ തെരഞ്ഞെടുപ്പ് കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയിൽ ബി.ജെ.പിയും കോൺഗ്രസും ഭരിക്കുന്ന നിരവധി സംസ്ഥാനങ്ങളുണ്ട്. കേരളത്തിൽ നടത്തിയതു പോലുള്ള ജനക്ഷേമ പ്രവർത്തനങ്ങളിൽ ഒന്നുപോലും ഈ സംസ്ഥാനങ്ങളിൽ നടപ്പാക്കാൻ കഴിഞ്ഞോയെന്ന് അദ്ദേഹം ചോദിച്ചു.

സമാനതകളില്ലാത്ത ഈ വികസന നേട്ടങ്ങൾ ഇനിയും തുടരാൻ മൂന്നാമതും ഇടതുമുന്നണി ഫുൾ എ പ്ലസ് നേട്ടത്തോടെ അധികാരത്തിൽ വരുമെന്ന് മന്ത്രി പറഞ്ഞു. സി.പി.ഐ. സംസ്ഥാന കൗൺസിൽ അംഗം അഡ്വ.എം.കെ. ഉത്തമൻ അധ്യക്ഷത വഹിച്ചു. എൽ. ഡി . എഫ് നിയോജകമണ്ഡലം കൺവീനർ പി.കെ. സാബു, സ്ഥാനാർഥി ദെലീമ, സി.പി.എം സംസ്ഥാന കമ്മിറ്റി അംഗങ്ങളായ കെ. പ്രസാദ്, സി.ബി. ചന്ദ്രബാബു, പി.എം അജിത് കുമാർ, അഡ്വ. മനു.സി. പുളിക്കൽ, വി.ടി. ജോസഫ്, ജോമി ചെറിയാൻ, സലിം ബാബു, അഡ്വ: എൻ.പി.ഷിബു, കെ. ബാബുലാൽ, ബി.വിനോദ്, അഡ്വ. ഡി സുരേഷ് ബാബു, കുര്യാക്കോസ് കാട്ടുതറ ആസിഫലി, ജോമോൻ കോട്ടുപ്പള്ളി, വി. ആർ. രാജേഷ് , ആർ. പത്മകുമാർ, മാത്യു സി. കടവൻ, ബീന അശോകൻ, വി. ആർ.രജിത,എം.പി. ബിജു, വി. ജെ. പോൾ തുടങ്ങിയവർ പ്രസംഗിച്ചു.1001 അംഗ ജനറൽ കമ്മിറ്റിയേയും 151 പേരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയേയും തെരഞ്ഞെടുത്തു. തെരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാനായി പി.എം. അജിത്ത് കുമാറിനെയും കൺവീനറായി മനു.സി. പുളിക്കലിനെയും തെരഞ്ഞെടുത്തു.

● അരൂർ നിയോജക മണ്ഡലം എൽ.ഡി.എഫ്. സ്ഥാനാർഥി ദലീമയുടെ തെരഞ്ഞെടുപ്പ് കൺവൻഷൻ മന്ത്രി പി.പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു.

അഡ്വ. എബി കുര്യാക്കോസ് നാമനിർദേശ പത്രിക നൽകി

ചെങ്ങന്നൂർ : നിയോജകമണ്ഡലം യു.ഡി.എഫ്. സ്ഥാനാർഥി അഡ്വ.എബി കുര്യാക്കോസ് നാമനിർദേശ പത്രിക സമർപ്പിച്ചു. വരണാധികാരി ആർ.ഡി.ഒ മുമ്പാകെ മൂന്ന് സെറ്റ് പത്രികയാണ് സമർപ്പിച്ചത്. ഇന്നലെ രാവിലെ 11 മണിയോടു കൂടി ആശുപത്രി ജംഗ്ഷനിലെ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസിൽ നിന്ന് പ്രകടനമായി എത്തിയാണ് പത്രിക സമർപ്പിച്ചത്. തെരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാൻ ജൂണി കുതിരവട്ടം, കൺവീനർ അഡ്വ. ഡി. നാഗേഷ് കുമാർ , ഇലക്ഷൻ ഏജൻറ് അഡ്വ. കെ.ആർ. സജീവൻ , കെ.പി.സി.സി അംഗം രാധേഷ് കണ്ണന്നൂർ എന്നിവരും ഒപ്പം ഉണ്ടായിരുന്നു.

● ചെങ്ങന്നൂരിലെ യു.ഡി.എഫ്. സ്ഥാനാർഥി അഡ്വ.എബി കുര്യാക്കോസ് വരണാധികാരി ആർ.ഡി.ഒ മുമ്പാകെ പത്രിക സമർപ്പിച്ചപ്പോൾ.

എം.ലിജു നാമനിർദേശ പത്രിക സമർപ്പിച്ചു

കായംകുളം: യു.ഡി.എഫ്. സ്ഥാനാർഥി എം. ലിജു നാമനിർദേശപത്രിക സമർപ്പിച്ചു. കാർത്തികപ്പള്ളി ഭൂരേഖ തഹസിൽദാറും അസിസ്റ്റന്റ് വരണാധികാരിയുമായ എൻ.എസ്. അനിതാ റാണി മുമ്പാകെയാണ് പത്രിക സമർപ്പിച്ചത്. പ്രവർത്തകരുടെയും നേതാക്കളുടെയും വലിയ സംഘത്തോടൊപ്പം രാവിലെ 11 മണിയോടെയാണ് എം. ലിജു എത്തിയത്.

● കായംകുളം യു.ഡി.എഫ്. സ്ഥാനാർഥി എം. ലിജു കാർത്തികപ്പള്ളി ഭൂരേഖ തഹസിൽദാറും അസിസ്റ്റന്റ് വരണാധികാരിയുമായ എൻ.എസ്. അനിതാ റാണി മുമ്പാകെ പത്രിക സമർപ്പിക്കുന്നു.

ടി.ടി.ജിസ്മോൻ നാമനിർദേശ പത്രിക സമർപ്പിച്ചു

ഹരിപ്പാട്: മണ്ഡലത്തിലെ എൽ.ഡി.എഫ്. സ്ഥാനാർഥി ടി.ടി. ജിസ്മോൻ നാമനിർദേശ പത്രിക സമർപ്പിച്ചു. അസി. വരണാധികാരി തഹസിൽദാർ എസ്.എസ്. ശ്രീകുമാർ മുമ്പാകെ ഇന്നലെ രാവിലെ 11 മണിയോടെയാണ് പത്രിക സമർപ്പിച്ചത്. സി.പി.ഐ ജില്ലാ സെക്രട്ടറി എസ്. സോളമൻ, സി.പി.എം. ജില്ലാ സെക്രട്ടേറിയറ്റംഗം എം. സത്യപാലൻ, ജില്ലാ കമ്മിറ്റിയംഗം ടി.കെ. ദേവകുമാർ, അഡ്വ. വി.മോഹൻദാസ്, പി .വി. സത്യനേശൻ തുടങ്ങിയ നേതാക്കളും സ്ഥാനാർഥിക്കൊപ്പം ഉണ്ടായിരുന്നു.

● എൽ.ഡി.എഫ്. ഹരിപ്പാട് മണ്ഡലം സ്ഥാനാർഥി ടി.ടി. ജിസ്മോൻ അസി. വരണാധികാരി കാർത്തികപ്പള്ളി തഹസിൽദാർ മുമ്പാകെ നാമനിർദേശ പത്രിക സമർപ്പിക്കുന്നു.

കെ.അജിമോൻ പത്രിക സമർപ്പിച്ചു

മാവേലിക്കര: നിയോജകമണ്ഡലം എൻ.ഡി.എ. സ്ഥാനാർഥി കെ.അജിമോൻ അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസറും മാവേലിക്കര തഹസിൽദാറുമായ എസ്.കെ. ശ്രീകുമാർ മുൻപാകെ പത്രിക സമർപ്പിച്ചു. മഹാരാഷ്ട്ര മുൻ എം.എൽ.എ ഡോ. വിനായക നട്ടു , മേഖലാ സെക്രട്ടറി ഹരീഷ് കാട്ടൂർ , മാവേലിക്കര മണ്ഡലം പ്രസിഡന്റ് അഡ്വ. കെ. വി. അരുൺ , മുൻ മണ്ഡലം പ്രസിഡന്റ് കെ. സഞ്ചു എന്നിവർ ഒപ്പമുണ്ടായിരുന്നു .

● മാവേലിക്കര നിയോജകമണ്ഡലം എൻ.ഡി.എ. സ്ഥാനാർഥി കെ. അജിമോൻ അസി. റിട്ടേണിങ് ഓഫീസർ എസ്.കെ. ശ്രീകുമാർ മുൻപാകെ പത്രിക സമർപ്പിക്കുന്നു.

● ചെങ്ങന്നൂരിലെ എൻ.ഡി.എ സ്ഥാനാർഥി എം.വി. ഗോപകുമാർ ആർ.ഡി.ഒ ഷാജു എം.എസ്. മുമ്പാകെ നാമനാർദേശ പത്രിക സമർപ്പിക്കുന്നു.

എം.വി. ഗോപകുമാർ പത്രിക സമർപ്പിച്ചു

ചെങ്ങന്നൂർ: എൻ.ഡി.എ സ്ഥാനാർഥി എം.വി. ഗോപകുമാർ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. ഇന്നലെ രാവിലെ 11.52ന് വരണാധികാരി ചെങ്ങന്നൂർ ആർ.ഡി.ഒ ഷാജു എം.എസ് മുമ്പാകെയാണ് പത്രിക സമർപ്പിച്ചത്. ഛത്തീസ്ഗഡ് മുഖ്യമന്ത്രി വിഷ്ണു ദിയോ സായി , മുംബൈ നോർത്ത് മുൻ എം.പി ഗോപാൽ ഷെട്ടി എന്നിവർ പങ്കെടുത്തു .

पंजाब नैशनल बैंक ...भरोसे का प्रतीक ! pnb punjab national bank ...the name you can BANK upon !

എ.ആർ.എം.ബി. എറണാകുളം, പി.എൻ.ബി. ഹൗസ്, മാർക്കറ്റ് റോഡ്,
എറണാകുളം 682 011, Phone : 0484-2350477, Email:CS4459@pnb.bank.in

സ്ഥാവര വസ്തുക്കളുടെ വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 8(6) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവരവസ്തുവിന്റെ ഇ-വിൽപ്പന നോട്ടീസ്.

താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിനുവേണ്ടി പണയപ്പെടുത്തിയ/ചാർജ്ജുള്ളതായ വസ്തുക്കൾ ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥ ക്രിയാത്മകമായി/പ്രത്യക്ഷമായി/പ്രതീകാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ", "എങ്ങിനെയാണോ", "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന രീതിയിൽ വിൽപ്പന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. ലേല തീയതിയും കുടിശ്ശിക തുകയുടെയും വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ലേല തീയതിയും സമയവും: 28.04.2026, 11.00 AM മുതൽ 5.00 PM മണി വരെ

ശാഖയുടെ പേര് : പിഎൻബി, എആർഎംബി, എറണാകുളം

വായ്പക്കാർ/ജാമ്യക്കാർ/വസ്തു ഉടമസ്ഥർ/പണയക്കാരുടെ പേര് : ശ്രീ.ജോർജ്ജ് പി എച്ച്, S/o. ഹെൻറി ജോർജ്ജ്, 531,പനഞ്ഞിത്തറ, കളപ്പുര വാർഡ്, ആലപ്പുഴ നോർത്ത്-688007.

എ	സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി	25.04.2025
ബി	കുടിശ്ശിക തുക (as on 28.02.2026)	Rs.23,51,807.52 (ഇരുപത്തി മൂന്ന് ലക്ഷത്തി അൻപത്തിയൊന്നായിരത്തി എണ്ണൂറ്റിയേഴ് രൂപ അൻപത്തി രണ്ട് പൈസ) + പലിശയും മറ്റു ചെലവുകളും
സി	സർഫേസി ആക്ട് 2022 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി	14.08.2025
ഡി	കൈവശമെടുത്ത രീതി: പ്രതീകാത്മക/പ്രത്യക്ഷമായി/ക്രിയാത്മകമായി	പ്രതീകാത്മക കൈവശം

സ്ഥാവര വസ്തു വിവരണവും /വസ്തു ഉടമസ്ഥന്റെ പേരും

ആലപ്പുഴ ജില്ലയിൽ അമ്പലപുഴ താലൂക്കിൽ **ആര്യാട് സൗത്ത് വില്ലേജിൽ** ബ്ലോക്ക് നമ്പർ 60, റീസർവ്വെ നമ്പർ 168-2/6 (പഴയ സർവ്വെ നമ്പർ 365-13A/1 & 365-14/1) ൽ ഉൾപ്പെട്ട **ശ്രീ.ജോർജ്ജ് പി.എച്ച്** പേരിൽ സിദ്ധിച്ച **1 ആർസ് 32 സ്ക്വയർ മീറ്റർ (3.260 സെന്റിന് തുല്യം)** വസ്തുവും കെട്ടിടവും തന്നകത്തുള്ള സകലവകകളും. **അതിരുകൾ** : വടക്ക്: സാബു വക വസ്തു, തെക്ക്: 2.75 മീറ്റർ വീതിയുള്ള വഴി, കിഴക്ക്: ശ്രീ.ടോമി & മുതൽപേർ വക വസ്തു, പടിഞ്ഞാറ്: ശ്രീമതി. ആൻസി വിൻസെന്റ് വക വസ്തു

കരുതൽ വില: Rs.38,67,400/- | നിരതദ്രവ്യം:Rs.3,86,740/- | ലേലവർദ്ധനതുക: Rs.10,000/-

സെക്യൂർഡ് ക്രെഡിറ്ററുടെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ : ഇല്ല

ഇ-ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും: വിൽപ്പന 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെ പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും 1) വസ്തുക്കളുടെ വിൽപ്പന. "എവിടെയാണോ", "എങ്ങിനെയാണോ", "ഏതൊക്കെയാണോ" എന്ന അടിസ്ഥാനത്തിലായിരിക്കും. 2) അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ പെട്ടിടത്തോളം പട്ടികയിൽ പറഞ്ഞിട്ടുള്ള ഈട് വസ്തുക്കളുടെ പൂർണ്ണ വിവരം നൽകിയിട്ടുള്ളതാണ്. എന്നാൽ വസ്തുവിലുള്ള പിശക്, തെറ്റായ പ്രസ്താവന അല്ലെങ്കിൽ ഒഴിവാക്കൽ വല്ലതും ഉണ്ടെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല. 3) വിൽപ്പന താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ **https://Baanknet.com** എന്ന വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ഇ-ലേല പ്ലാറ്റ്ഫോം വഴി **28.04.2026 -ാം തീയതി 11.00 AM മുതൽ 5.00 PM** മണി വരെ നടത്തുന്നതാണ്.

വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും
https://Baanknet.com & www.pnb.bank.in. എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക

തീയതി : 23.03.2026
സ്ഥലം : എറണാകുളം
(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ
പഞ്ചാബ് നാഷണൽ ബാങ്ക്, ARMB എറണാകുളം

ബഹുമാനപ്പെട്ട മാവേലിക്കര സബ് കോടതി മുമ്പാകെ

EP No: 14/2020
In
OS No. 318/2012

വിധിയുടമസ്ഥൻ : സുധീഷ്, വയസ് 46, S/o യശോധരൻ, കല്ലൻതറയിൽ വീട്, പതിയാങ്കര മുറി, തൃക്കുന്നപ്പുഴ വില്ലേജ്, കാർത്തികപ്പള്ളി താലൂക്ക്, പിൻ: 690515.

കൂടുതൽ രണ്ടാംവിധിക്കടക്കാരൻ : ജയചന്ദ്രക്കറുപ്പ്, വയസ് 45, S/o സുമതി @ സുമതിയമ്മ @ സുമതിക്കുട്ടിയമ്മ, ചക്കിട്ടയിൽ വീട്, കരുവാറ്റ വടക്കുംമുറി, കരുവാറ്റ പി.ഒ., കരുവാറ്റ വില്ലേജ്, കാർത്തികപ്പള്ളി താലൂക്ക്, പിൻ: 690517.

മേൽ നമ്പർ കേസിലെ കൂടുതൽ രണ്ടാം വിധിക്കടക്കാരനെ തെര്യപ്പെടുത്തുന്നത്.

വിധിയുടമ ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പർ വ്യവഹാര സംഗതികൾ 2026-ാമാണ്ട് 3-ാം മാസം 30-ാം തീയതി വിചാരണയ്ക്കു വെച്ചിരിക്കുന്നതിനാൽ അന്നേ ദിവസം പകൽ 11 മണിക്ക് താങ്കളോ, താങ്കൾ ചുമതലപ്പെടുത്തിയിട്ടുള്ള ആളോ ഈ കോടതിയിൽ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചു കൊള്ളേണ്ടതും അപ്രകാരം ചെയ്യാത്ത പക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസിൽ തീർച്ചപ്പെടുത്തുന്നതുമാകുന്നു.

2026-ാമാണ്ട് മാർച്ച് മാസം 24-ാം തീയതി.

ഉത്തരവിൻപ്രകാരം
അഡ്വക്കേറ്റ്:
ഹമീദ് മാന്തളശേരിൽ (ഒപ്പ്)
(വിധിയുടമസ്ഥൻ ഭാഗം അഭിഭാഷകൻ)

ബഹുമാനപ്പെട്ട മാവേലിക്കര സബ് കോടതി മുമ്പാകെ

EP No: 16/2020
In
OS No. 409/2012

വിധിയുടമ : തങ്കച്ചൻ, വയസ് 48, S/o ശങ്കരൻ, പുതുവലിൽ വീട്, പള്ളിപ്പാട്ട് മുറി, കാർത്തികപ്പള്ളി താലൂക്ക്, തൃക്കുന്നപ്പുഴ വില്ലേജ്.

കൂടുതൽ രണ്ടാംവിധിക്കടക്കാരൻ : ജയചന്ദ്രക്കറുപ്പ്, വയസ് 45, S/o സുമതി @ സുമതിയമ്മ @ സുമതിക്കുട്ടിയമ്മ, ചക്കിട്ടയിൽ വീട്, കരുവാറ്റ വടക്കുംമുറി, കരുവാറ്റ പി.ഒ., കരുവാറ്റ വില്ലേജ്, കാർത്തികപ്പള്ളി താലൂക്ക്, പിൻ : 690517.

മേൽ നമ്പർ കേസിലെ കൂടുതൽ രണ്ടാം വിധിക്കടക്കാരനെ തെര്യപ്പെടുത്തുന്നത്.

വിധിയുടമ ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പർ വ്യവഹാര സംഗതികൾ 2026-ാമാണ്ട് 3-ാം മാസം 30-ാം തീയതി വിചാരണയ്ക്കു വെച്ചിരിക്കുന്നതിനാൽ അന്നേ ദിവസം പകൽ 11 മണിക്ക് താങ്കളോ, താങ്കൾ ചുമതലപ്പെടുത്തിയിട്ടുള്ള ആളോ ഈ കോടതിയിൽ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചു കൊള്ളേണ്ടതും അപ്രകാരം ചെയ്യാത്ത പക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസിൽ തീർച്ചപ്പെടുത്തുന്നതുമാകുന്നു.

2026-ാമാണ്ട് മാർച്ച് മാസം 24-ാം തീയതി.

ഉത്തരവിൻപ്രകാരം
അഡ്വക്കേറ്റ്:
ഹമീദ് മാന്തളശേരിൽ (ഒപ്പ്)
(വിധിയുടമസ്ഥൻ ഭാഗം അഭിഭാഷകൻ)

ബഹുമാനപ്പെട്ട മാവേലിക്കര സബ് കോടതി മുമ്പാകെ

EP No: 15/2020
In
OS No. 368/2012

വിധിയുടമ : സോമസുന്ദരൻപിള്ള, വയസ് 70, S/o ഗോപാലപണിക്കർ, രേവതിയിൽ വീട്, കടവൂർ മുറി, കണ്ണമംഗലം വില്ലേജ്, മാവേലിക്കര താലൂക്ക്, ആലപ്പുഴ ജില്ല.

കൂടുതൽ രണ്ടാംവിധിക്കടക്കാരൻ : ജയചന്ദ്രക്കറുപ്പ്, വയസ് 45, S/o സുമതി @ സുമതിയമ്മ @ സുമതിക്കുട്ടിയമ്മ, ചക്കിട്ടയിൽ വീട്, കരുവാറ്റ വടക്കുംമുറി, കരുവാറ്റ പി.ഒ., കരുവാറ്റ വില്ലേജ്, കാർത്തികപ്പള്ളി താലൂക്ക്, പിൻ: 690517.

മേൽ നമ്പർ കേസിലെ കൂടുതൽ രണ്ടാം വിധിക്കടക്കാരനെ തെര്യപ്പെടുത്തുന്നത്.

വിധിയുടമ ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പർ വ്യവഹാര സംഗതികൾ 2026-ാമാണ്ട് 3-ാം മാസം 30-ാം തീയതി വിചാരണയ്ക്കു വെച്ചിരിക്കുന്നതിനാൽ അന്നേ ദിവസം പകൽ 11 മണിക്ക് താങ്കളോ, താങ്കൾ ചുമതലപ്പെടുത്തിയിട്ടുള്ള ആളോ ഈ കോടതിയിൽ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചു കൊള്ളേണ്ടതും അപ്രകാരം ചെയ്യാത്ത പക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസിൽ തീർച്ചപ്പെടുത്തുന്നതുമാകുന്നു.

2026-ാമാണ്ട് മാർച്ച് മാസം 24-ാം തീയതി.

ഉത്തരവിൻപ്രകാരം
അഡ്വക്കേറ്റ്:
ഹമീദ് മാന്തളശേരിൽ (ഒപ്പ്)
(വിധിയുടമസ്ഥൻ ഭാഗം അഭിഭാഷകൻ)